**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2109** **11-10-2021 - ല്‍ മറുപടിയ്ക്ക്**

**മഞ്ചേരി മെഡിക്കല്‍ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മെഡിക്കല്‍ കോളേജില്‍ സൂപ്പര്‍ സ്പെഷ്യലിറ്റി ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | മഞ്ചേരി മെഡിക്കല്‍ കോളേജില്‍ സൂപ്പര്‍ സ്പെഷ്യലിറ്റി ബ്ലോക്ക് നിര്‍മ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് 93 കോടി രൂപയുടെ എസ്റ്റ്മേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലം ലഭിക്കുന്ന മുറയ്ക്ക് തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളേജിനു വേണ്ടി ഏഴ് ഏക്കര്‍ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; അടിയന്തരമായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാമോ; | (ബി) | മഞ്ചേരി മെഡിക്കല്‍ കോളേജിന്റെയും, മെഡിക്കല്‍ കോളേജ് ആശുപത്രിയുടെയും വികസനത്തിനായി ചെങ്ങണ ബൈപ്പാസില്‍ നിന്നും മെഡിക്കല്‍ കോളേജിലേക്ക് അനുബന്ധ റോഡ് നിര്‍മ്മിക്കുന്നതിനും, കെ.എസ്.ഇ.ബി സബ്സ്റ്റേഷന്‍ നിര്‍മ്മാണത്തിനുമായി 2.8107 ഹെക്ടര്‍ ഭൂമി ഏറ്റെടുക്കുന്നതിന് സ.ഉ (കൈ) നം. 28/2019/ ആ.കു.വ തീയതി 16.02.2019 പ്രകാരം സര്‍ക്കാര്‍ ഭരണാനുമതി നല്‍കിയിരുന്നു ഭൂമി ഏറ്റെടുക്കല്‍ നടപടികള്‍ക്കായി 13,81,88,970/- രൂപയും, ആയതിന്റെ നടപടിക്രമങ്ങള്‍ ആരംഭിക്കുന്നതിനുവേണ്ടി 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് മെഡിക്കല്‍ വിദ്യാഭ്യാസ ഡയറക്ടര്‍ ആവശ്യപ്പെട്ടിരുന്നു. ഏറ്റെടുക്കുന്ന ഭൂമിയുടെ വില ഭരണാനുമതി ഉത്തരവില്‍പ്പറയുന്ന സര്‍വ്വേ നമ്പറിന്റെ അടിസ്ഥാനത്തില്‍ വിശദമാക്കി റിപ്പോര്‍ട്ട് നല്‍കാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യത്തില്‍ തുടര്‍ നടപടികള്‍ സ്വീകരിക്കുന്നതാണ്. |
| (സി) | മഞ്ചേരി മെഡിക്കല്‍ കോളേജില്‍ പൊതുമരാമത്ത വകുപ്പ് നടത്തേണ്ട പ്രവൃത്തികള്‍ ആരംഭിക്കാതെയും പൂര്‍ത്തീകരിക്കാതെയുമിരിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്ന് പൂര്‍ത്തികരിക്കും; ആരംഭിക്കാത്ത പ്രവൃത്തികള്‍ എന്ന് തുടങ്ങും; വിശദീകരിക്കാമോ? ; | (സി) | മഞ്ചേരി മെഡിക്കല്‍ കോളേജില്‍ പൊതുമരാമത്ത വകുപ്പ് നിര്‍വ്വഹണം നടത്തേണ്ടുന്ന ക്ലിനിക്കല്‍ ബ്ലോക്ക് നിര്‍മ്മാണം ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, റേഡിയോളജി & ലബോറട്ടറി കോംപ്ലക്സ് നിര്‍മ്മാണം, സ്റ്റോര്‍ കോംപ്ലക്സിന്റെ നിര്‍മ്മാണം മുതലായ പ്രവൃത്തികള്‍ക്ക് PWD-യ്ക്ക് ഫണ്ട് കൈമാറിയിരുന്നു എന്നാല്‍ PWD നിര്‍മ്മാണം ആരംഭിച്ചിട്ടില്ല. പൂര്‍ത്തീകരിക്കാത്തവ |

| | | | |
|---|---|---|---|
| | | | അടിയന്തിരമായി പൂർത്തീകരിക്കുന്നതിനും പ്രവൃത്തികൾ അടിയന്തിരമായി ആരംഭിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത കോളേജിനാവശ്യമായ തസ്തികളിൽ സ്ഥിര നിയമനം നടത്തി മെഡിക്കൽ കോളേജിന് സ്റ്റാഫ് പാറ്റേൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | മഞ്ചേരി മെഡിക്കൽ കോളേജിനായി അനുവദിച്ച തസ്തികകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സിംഗിൾ പാക്കേജ് പ്രൊപ്പോസൽ നിലവിൽ താൽക്കാലികമായി മാറ്റിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ